**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- ചങ്ങനാശ്ശേരി നഗരസഭയിലെ ലൈബ്രേറിയനായ ശ്രീമതി.ബിനു കെ ബാബുവിന് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2562/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 05.10.2018

പരാമർശം : നഗരകാര്യഡയറക്ടറുടെ 31.03.2018 തീയതിയിലെ ഇ6- 31992/17 നമ്പർ കത്ത്.

**ഉത്തരവ്**

ചങ്ങനാശ്ശേരി നഗരസഭയിൽ 12.07.2017 ന് ലൈബ്രേറിയനായി ജോലിയിൽ പ്രവേശിച്ച ശ്രീമതി.ബിനു കെ ബാബുവിന് ആരോഗ്യപരമായ കാരണങ്ങളാൽ 13.07.2017 മുതൽ 14.12.2017 വരെ 155 ദിവസത്തേക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിലേയ്ക്കായി സമർപ്പിച്ച അപേക്ഷ പരാമർശകത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തു നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി .ബിനു കെ ബാബു എന്ന ജീവനക്കാരിക്ക് 3 വർഷത്തെ സർവ്വീസിന്റെ അഭാവത്തിൽ കെ.എസ്.ആർ, ഭാഗം 1, ചട്ടം 88(ii) പ്രകാരം ഒരു ഘട്ടത്തിൽ പരമാവധി 3 മാസത്തെ ശൂന്യവേതനാവധിക്കു മാത്രമേ അർഹതയുള്ളൂവെന്നതിനാൽ നഗരകാര്യഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 12.07.2017 ന് ലൈബ്രേറിയൻ ഗ്രേഡ് 4 ആയി സേവനത്തിൽ പ്രവേശിച്ച ടിയാളുടെ 13.07.2017 മുതൽ 14.12.2017 വരെയുള്ള കാലയളവ്, ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം. I ചട്ടം 88(ii) ൽ ഇളവ് വരുത്തി, മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ സർട്ടിഫിക്കറ്റുകൾ സഹിതം.)
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീമതി .ബിനു കെ ബാബു, ലൈബ്രേറിയൻ, ചങ്ങനാശ്ശേരി നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ